# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 സെപ്റ്റംബർ 20**

---

## ശിൽപ്പശാല നടത്തി

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ലൈഫ് ലോംഗ് ലേണിംഗ് ആൻറ് എക്സ്റ്റൻഷൻ വകുപ്പ് പുതിയതായി ആരംഭിച്ച എം.എ കൗൺസലിംഗ് പ്രോഗ്രാമിലെ വിദ്യാർഥികൾക്കായി നടത്തിയ ദ്വിദിന ശിൽപ്പശാലയും ഓറിയൻറേഷൻ പ്രോഗ്രാമും ഇന്ത്യൻ യൂണിവേഴ്സിറ്റി അസോസിയേഷൻ ഫോർ കണ്ടിന്യൂയിംഗ് എജ്യുക്കേഷൻ സെക്രട്ടറി ഡോ. ജെ.പി. ദുബെ ഉദ്ഘാടനം ചെയ്തു.

ഡോ. പ്രതാപ്സിംഗ് ബി. സലുങ്കെ, ഡോ. എം.പി. രാജേഷ്, തൃശൂർ പാലിയേറ്റീവ് കെയർ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. ഇ. ദിവാകരൻ, ഡോ. എസ്. ഇരുദയ രാജൻ, എം.ജി സർവകലാശാലയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ഇൻ ലേണിംഗ് ഡിസെബിലിറ്റീസ് ഡയറക്ടർ ഡോ. മുഹമ്മദ് മുസ്തഫ, സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ.കെ.എ മഞ്ജുഷ, ഡോ. സിദ്ധാർഥ് ശങ്കർ ലാഹ, ഡോ. എസ്. അനുജ, ഡോ. ഉഷ നാരായണൻ എന്നിവർ ക്ലാസ്സെടുത്തു.

വകുപ്പ് മേധാവി ഡോ. ബിസ്മി ഗോപാലകൃഷ്ണൻ ഏകോപനം നിർവഹിച്ചു. പരിപാടിയോടനുബന്ധിച്ച് വിദ്യാർഥികളുടെ വിവിധ കലാപരിപാടികളും നടന്നു.

(പി.ആർ.ഒ/39/1134/2023)

## കോഴ്സ് കോർഡിനേറ്റർ, കോഴ്സ് മെൻറർ താത്കാലിക നിയമനം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സെൻറർ ഫോർ ഓൺലൈൻ എജ്യുക്കേഷനിൽ(സി.ഒ.ഇ) ഓൺലൈൻ എം.കോം പ്രോഗ്രാമിൽ കോഴ്സ് കോർഡിനേറ്റർ, കോഴ്സ് മെൻറർ എന്നീ താത്കാലിക തസ്തികകളിൽ കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

കോഴ്സ് കോർഡിനേറ്റർ തസ്തികയിൽ ഓപ്പൺ വിഭാഗത്തിലും കോഴ്സ് മെൻറർ ഇ/ബി/റ്റി വിഭാഗത്തിലും ഓരോ ഒഴിവു വീതമാണുള്ളത്. ഒരു വർഷമാണ് കരാർ കാലാവധി. പ്രവർത്തന മികവിൻറെ അടിസ്ഥാനത്തിൽ മൂന്നു വർഷം വരെ നിട്ടിയേക്കാം.

കുറഞ്ഞത് 55 ശതമാനം(എസ്.സി, എസ്.ടി വിഭാഗത്തിന് 50 ശതമാനം) മാർക്കോടെ എം.കോം, യു.ജി.സി/സി.എസ്.ഐ.ആർ-നെറ്റ് വിജയം അല്ലെങ്കിൽ പി.എച്ച്.ഡി(യു.ജി.സി ഒ.ഡി.എൽ/ഒ.എൽ റഗുലേഷൻ മാനദണ്ഡങ്ങൾക്ക് വിധേയം) ആണ് തസ്തികകളിലേക്കുള്ള പൊതുവായ യോഗ്യത.

പ്രതിദിനം 1750 രൂപ നിരക്കിൽ പ്രതിമാസം പരമാവധി 43750 രൂപയാണ് വേതനം(രണ്ട് തസ്തികകൾക്കും സർവകലാശാല ഗസ്റ്റ് അധ്യാപകരുടേതിന് തുല്യമായ വേതനം). പ്രായപരിധി 2023 ജനുവരി ഒന്നിന് 50 വയസ്സ് കവിയരുത്.

താല്പര്യമുള്ളവർ സർവകലാശാലാ വെബ് സൈറ്റിൽനിന്ന് അപേക്ഷാഫോറം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് coe@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിലേക്ക് ഒക്ടോബർ മൂന്നിനകം അയയ്ക്കണം.

അപേക്ഷയ്ക്കൊപ്പം പ്രായം, വിദ്യാഭ്യാസയോഗ്യത, അധിക യോഗ്യത, പ്രവൃത്തിപരിചയം, ജാതി എന്നിവ തെളിയിക്കുന്ന രേഖകളുടെയും എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ്, നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്, എന്നിവയുടെയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ കൂടി സമർപ്പിക്കണം. വിശദവിവരങ്ങൾ സർവകലാശാല വെബ് സൈറ്റിൽ (www.mgu.ac.in).

(പി.ആർ.ഒ/39/1135/2023)

## റിസർച്ച് അസോസിയേറ്റ്; കരാർ നിയമനം

മഹാത്മാ ഗാന്ധി സർവകലാശാലയിൽ റൂസ പദ്ധതിപ്രകാരമുള്ള പ്രോജക്ടിൽ റിസർച്ച് അസോസിയേറ്റ് തസ്തികയിലെ ഒരൊഴിവിലേക്ക് നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ഒരു വർഷമാണ് പ്രോജക്ടിൻറെ ദൈർഘ്യം.

പ്രതിമാസ വേതനം സഞ്ചിത നിരക്കിൽ 50000 രൂപ.

കെമിസ്ട്രി, പോളിമർ സയൻസ്, ഫിസിക്സ്, മെറ്റീരിയൽ സയൻസ് എന്നിവയിലേതിലെങ്കിലും പി.എച്ച്.ഡിയാണ് അടിസ്ഥാന യോഗ്യത.

പൂർണമായ സി.വിയും അനുബന്ധ രേഖകളും ഒറ്റ പി.ഡി.എഫ് ഫയലായി

റശ്യേറശഃീ@ാഴൗ.മര.ശി എന്ന വിലാസത്തിലേക്ക് സെപ്റ്റംബർ 30 വരെ അയക്കാം. കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ(www.mgu.ac.in)

(പി.ആർ.ഒ/39/1136/2023)

## സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ്; സ്പോട്ട് അഡ്മിഷൻ

മഹാത്മാ ഗാന്ധി സർവകലാശാലയുടെ പഠന വകുപ്പായ സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിൽ എം.ടെക്, എം.എസ്.സി പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിൽ സ്പോട്ട് അഡ്മിഷൻ സെപ്റ്റംബർ സെപ്റ്റംബർ 26ന് നടക്കും.

എം.ടെക് എനർജി സയൻസ് ആൻറ് ടെക്നോളജി(ജനറൽ-6), എം.എസ്.സി മെറ്റീരിയൽ സയൻസ് (ജനറൽ, ഒ.ഇ.സി-എസ്.സി, ഒ.ഇ.സി-എസ്.ടി വിഭാഗങ്ങളിൽ ഒന്നുവീതം), എം.എസ്.സി ഫിസിക്സ്(ഒ.ഇ.സി-എസ്.സി, ഒ.ഇ.സി-എസ്.ടി വിഭാഗങ്ങളിൽ ഒന്നുവീതം), എം.എസ്.സി കെമിസ്ട്രി(ഒ.ഇ.സി-എസ്.സി, ഒ.ഇ.സി-എസ്.ടി വിഭാഗങ്ങളിൽ ഒന്നുവീതം) എന്നിങ്ങനെയാണ് ഒഴിവുകളുടെ എണ്ണം.

അർഹരായ വിദ്യാർഥികൾ അസ്സൽ യോഗ്യതാ രേഖകളുമായി സെപ്റ്റംബർ 26ന് രാവിലെ 11.30ന് മുൻപ് സർവകലാശാലാ കാമ്പസിലെ വകുപ്പ് ഓഫീസിൽ(റൂം നമ്പർ 302, കൺവർജൻസ് അക്കാദമിയ കോംപ്ലക്സ്) നേരിട്ട് എത്തണം. പ്രവേശനം മെരിറ്റ് അടിസ്ഥാനത്തിലായിരിക്കും. കൂടുതൽ വിവരങ്ങൾ 7736997254 എന്ന ഫോൺ നമ്പരിൽ ലഭിക്കും. വെബ്സൈറ്റ്: www.mgu.ac.in

(പി.ആർ.ഒ/39/1137/2023)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ എം.എ ഇക്കണോമിക്സ്(സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019-2021 അഡ്മിഷനുകൾ സപ്ലിമെൻററി - ജൂലൈ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 26ന് ആരംഭിക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1138/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**